LIBRARY ARCHIVES Kerala Legislative Assembly

ശ്രീനാരായണ ഗുരുവിന്റെ പ്രതിമ തകർത്ത സംഭവം

66 (66) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലത്ത് ഈയിടെ ശ്രീനാരായണ ഗുരുവിന്റെ പ്രതിമ തകർത്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഗുരു പ്രതിമ തകർത്ത സംഭവം സി.ബി.ഐയെ കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ സംഭവവുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇവർക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം എസ്.എൻ.ഡി.പി. യോഗം ആസ്ഥാനത്തെ ഗുരുദേവ പ്രതിമ തകർത്ത സംഭവത്തിൽ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 100/2000 ആയി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണത്തിൽ പ്രതി എന്ന് വെളിവായ കൊല്ലം മുണ്ടയ്ക്കൽ ഉദയ മാർത്താണ്ഡപുരം ചേരിയിൽ കപ്പലണ്ടിമുക്കിൽ വാസു മകൻ രാജനെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്. ടിയാനെ കൊല്ലം ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് റിമാന്റു ചെയ്തതിനെ തുടർന്ന് ജൂഡീഷ്യൽ കസ്റ്റഡിയിൽ കൊല്ലം സബ് ജയിലിൽ സൂക്ഷിച്ച് വരികയാണ്. കേസിന്റെ തുടർന്നുള്ള അന്വേഷണം ക്രൈം ബ്രാഞ്ചിന് കൈമാറുകയും കൊല്ലം ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി തുടർന്ന് അന്വേഷണം നടത്തിവരികയുമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഈ സംഭവവുമായി ബന്ധപ്പെട്ട് കൊല്ലം മുണ്ടയ്ക്കൽ വില്ലേജിൽ ഉദയ മാർത്താണ്ഡപുരം ചേരിയിൽ കപ്പലണ്ടിമുക്കിൽ വാസു മകൻ രാജൻ എന്നയാളെ അറസ്റ്റു ചെയ്തിട്ടുണ്ട്. 'ടി'യാൻ കോൺഗ്രസ് (ഐ) അനുഭാവി ആണെന്നറിയുന്നു.

ശ്രീനാരായണ ഗുരുവിന്റെ പ്രതിമ തകർത്ത സംഭവം

67 (67) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ശ്രീനാരായണ ഗുരുസ്വാമികളുടെ പ്രതിമ എവിടെയെല്ലാം തകർക്കപ്പെട്ടു ;

(ബി) ഇതിനോടനുബന്ധിച്ച് കേസ് എടുത്തിട്ടുണ്ടോ ;

(സി) എങ്കിൽ ആരെയെല്ലാം അറസ്റ്റുചെയ്തു ;

(ഡി) കൊല്ലത്ത് എസ്.എൻ.ഡി.പി.യുടെ കേന്ദ്ര ഓഫീസ് പരിസരത്ത് സ്ഥാപിച്ചിരുന്ന ശ്രീനാരായണ ഗുരുദേവന്റെ പ്രതിമയും ഗുരുമന്ദിരവും തകർക്കപ്പെട്ട സംഭവം 2000-ാമാണ്ടു ഫെബ്രുവരിയിൽ ഉണ്ടായിട്ടുണ്ടോ ;

(ഇ) ഈ സംഭവം സംബന്ധിച്ച് എസ്.എൻ.ഡി.പി. കേന്ദ്ര ഓഫീസിലെയും ഗുരുമന്ദിരത്തിലെയും വാച്ചർ മൊഴി നൽകിയിട്ടുണ്ടോ ;

(എഫ്) അതിന്റെ അടിസ്ഥാനത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തുവോ ;

(ജി) ഈ സംഭവത്തോടനുബന്ധിച്ച് ആരെയെല്ലാം അറസ്റ്റുചെയ്തു ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ വെള്ളറട പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പാലിയോട്, കടയ്ക്കാവൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിലെ അഗ്ളിമുക്ക്, എന്നിവിടങ്ങളിലും കൊല്ലം ജില്ലയിൽ എസ്.എൻ.ഡി.പി. യോഗ ആസ്ഥാനമന്ദിരത്തിന് മുൻപിലും കരുനാഗപ്പള്ളിയിൽ ആലുംകടവ് എന്ന സ്ഥലത്തും കല്ലുവാതുക്കൽ എന്ന സ്ഥലത്തും ആലപ്പുഴ ജില്ലയിൽ വളവനാട്, കരുവാറ്റ എന്നിവിടങ്ങളിലും തൃശ്ശൂർ ജില്ലയിൽ ചെന്തിറപ്പന്നി എന്ന സ്ഥലത്തും സ്ഥാപിച്ചിരുന്ന ഗുരുദേവ പ്രതിമകൾക്കുനേരെ അക്രമം നടന്നിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കടയ്ക്കാവൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2/99 ൽ അനിൽകുമാർ, നാരായണൻ മകൻ ബിജു,പ്രഭാകരൻ മകൻ ബിജു, സുരേഷ്കുമാർ, വാഹീദ് എന്നീ അഞ്ചു പ്രതികളേയും, കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 100/2000-ൽ പ്രതി വാസു മകൻ രാജനേയും കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 13/2000-ൽ ഷിബു, സനൽകുമാർ, അനിൽകുമാർ എന്നീ മൂന്ന് പ്രതികളെയും അറസ്റ്റു ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇത് സംബന്ധിച്ച് എസ്.എൻ.ഡി.പി. കേന്ദ്രം ഓഫീസിലെ വാച്ചർ മൊഴി നൽകിയിട്ടുണ്ട്.

(എഫ്) പ്രതികളെപ്പറ്റി സൂചന നൽകിയിട്ടില്ലാത്തതിനാൽ വാച്ചറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ആരെയും അറസ്റ്റു ചെയ്തിട്ടില്ല.

(ജി) ഈ സംഭവത്തിന് കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 100/2000 നമ്പർ കേസിൽ പ്രതി എന്നു വെളിവായ വാസുമകൻ രാജനെ 2-2-2000-ൽ അറസ്റ്റു ചെയ്തു കോടതിയിൽ ഹാജരാക്കുകയും കോടതി അയാളെ ജുഡിഷ്യൽ കസ്റ്റഡിയിൽ വിടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly